## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5712** **28.03.2018-ൽ മറുപടിക്ക്**

### അക്ഷയ സംരംഭകരുടെ കരാർ പുതുക്കുന്നതിന് നടപടി

ചോദ്യം — ശ്രീ. റ്റി. വി. രാജേഷ്

മറുപടി — പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇപ്പോൾ എത്ര അക്ഷയകേന്ദ്രങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 2702 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്ന സേവനങ്ങളുടെ സർവ്വീസ് ചാർജ്ജ് പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ സർവ്വീസ് ചാർജ്ജുകൾ കാലോചിതമായി പരിഷ്കരിക്കുന്നതു സംബന്ധിച്ചും നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സേവനങ്ങൾക്ക് സർവ്വീസ് ചാർജ് നിശ്ചയിക്കുന്നതു സംബന്ധിച്ചുമുള്ള അക്ഷയ ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | കരാർ കാലാവധി കഴിഞ്ഞ അക്ഷയസംരംഭകരുടെ കരാർ പുതുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; നിലവിലുള്ള കരാർ വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ; | (സി) | കരാർ കാലാവധി കഴിഞ്ഞ അക്ഷയ സംരംഭകർക്ക് പിഴ കൂടാതെ കരാർ പുതുക്കുന്നതിന് 30.4.2018 വരെ സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. നിലവിലെ അക്ഷയ സംരംഭക എഗ്രിമെന്റിലെ വ്യവസ്ഥകളിൽ കാലോചിതമായി വരുത്തേണ്ട ഭേദഗതികളെ സംബന്ധിച്ച് പരിശോധിച്ച് സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് അക്ഷയ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | അക്ഷയ ജില്ല, സംസ്ഥാന ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ? | (ഡി) | അക്ഷയ ജില്ല, സംസ്ഥാന ഓഫീസുകളുടെ പ്രവർത്തന പോരായ്മകൾ പരിഹരിക്കുന്നതിലേയ്ക്കായി പ്രസ്തുത ഓഫീസുകളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് മുഖേന വർക്ക് സ്റ്റഡി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ